LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 21, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2010 ഡിസംബർ മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ ..... ചോദ്യം നമ്പർ : 1

നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

1 (*1) ശ്രീ. എ. എം. ആരിഫ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി കുടിശ്ശിക ഈടാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ വർഷത്തെ നികുതി വരുമാനലക്ഷ്യം എത്രയാണ് ;

(ഡി) ഇതിനകം നികുതി പിരിവിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ഇ) നികുതിയേതര വരുമാനത്തിൽ ഈ വർഷം എത്ര കോടി രൂപയാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നികുതിയേതര വരുമാനമായി എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെക്ക് പോസ്റ്റുകളിൽ വേയിംഗ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. നികുതി വെട്ടിപ്പുകൾ നടത്തുന്നതായി പ്രഥമദൃഷ്ട്യാ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരത്തിലുള്ള നടപടികൾ നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയുവാനും സ്വമേധയാ വ്യാപാരത്തിന് അനുസരണമായി നികുതി നൽകാനും പ്രേരണയുണ്ടായി. ഇതിനു പുറമേ റെയിൽ, ലക്ഷ്വറി ബസ് എന്നിവയിലൂടെ ധാരാളം നികുതി വെട്ടിപ്പു നടത്തി സാധനങ്ങൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇവ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുന്നു. കൂടാതെ അന്യ സംസ്ഥാനങ്ങളിലും ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ട്. വാണിജ്യ നികുതി ആഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു. നികുതി പിരിവ് കുറവനുഭവപ്പെടുന്ന ഓഫീസുകളിൽ നേരിട്ട് പരിശോധന നടത്തി, നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09-ലെ ബഡ്ജറ്റിൽ ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചു. പ്രസ്തുത സ്കീം 2009-10-ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കി. രജിസ്റ്റേർഡ് ഡീലേഴ്സ് ഇ-ഫയലിംഗ് മുഖേന സമർപ്പിക്കുന്ന റിട്ടേണിൽനിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് നികുതി കുറച്ചു നൽകുന്ന കച്ചവടക്കാരുടെ കണക്കുകൾ ഒത്തു നോക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അവരുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിലേക്കുംവേണ്ടി ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പുതിയതായി ഒരു ഡേറ്റാ മൈനിംഗ് ടീം രൂപീകരിച്ചിട്ടുമുണ്ട്.

(ബി) ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചു. സംസ്ഥാനത്തെ പ്രധാന ചെക്ക്പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നിവ അഴിമതിരഹിത ചെക്ക്പോസ്റ്റുകളാക്കി മാറ്റി. ഇവിടങ്ങളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മാത്രം നിയമിച്ചു. ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക മുൻഗണന നൽകി. ചെക്ക്പോസ്റ്റുകളിൽ ഹൈ മാസ്റ്റ് വിളക്കുകൾ, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുള്ള ജനറേറ്ററുകൾ, പരിശോധനക്കുള്ള പ്ലാറ്റ് ഫോമുകൾ,

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, വേയ്ബ്രിഡ്ജുകൾ എന്നിവ സ്ഥാപിച്ചു. വാളയാർ, മഞ്ചേശ്വരം, അമരവിള, ഗോപാലപുരം, ഗോവിന്ദപുരം, കുട്ടിപ്പുഴ, മീനാക്ഷിപുരം, നടുപ്പുണ്ണി, കുമളി എന്നീ ചെക്ക്പോസ്റ്റുകളിൽ വേയ്ബ്രിഡ്ജ് പ്രവർത്തനം ആംരംഭിച്ചിട്ടുണ്ട്. വാളയാർ, നടുപ്പുണ്ണി, ഗോപാലപുരം എന്നീ ചെക്ക്പോസ്റ്റുകളിൽ ചെക്ക് പോസ്റ്റ് ട്രഷറികൾ സ്ഥാപിച്ചു. പാലക്കാട് ജില്ലയിലെ താൽക്കാലിക ചെക്ക് പോസ്റ്റുകൾക്കെല്ലാം കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു. അമരവിളയിൽ വെരിഹിക്കേഷൻ കൗണ്ടർ സ്ഥാപിക്കുകയും ചെയ്തു. പ്രധാന ചെക്ക്പോസ്റ്റുകളിലെല്ലാം ഓൺലൈൺ ഡേറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തി. കേരള അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി കടന്നുപോകുന്ന ചരക്കു വാഹനങ്ങൾക്ക് ഇ-ഡിക്ലറേഷൻ മുൻകൂറായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. ചെക്ക്പോസ്റ്റുകളിലെ വാഹന നീക്കം നിരീക്ഷിക്കുന്നതിനും ചെക്ക് പോസ്റ്റുകളിലേയും പരിസര പ്രദേശത്തേയും പ്രവർത്തനങ്ങൾ വാണിജ്യനികുതി വകുപ്പ് കമ്മീഷണറുടെ നിരീക്ഷണത്തിൽ കൊണ്ടു വരുന്നതിനുമായി ക്യാമറകൾ സ്ഥാപിച്ച് തത്സമയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. അമരവിളയിൽ ഇത് പൈലറ്റ് സ്കീമായി നടപ്പിലാക്കുകയും ചെയ്തു. മറ്റ് ചെക്ക്പോസ്റ്റുകളിലേക്കും ഈ നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും, കാര്യക്ഷമതയും കൊണ്ടുവരുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ വിനിയോഗിക്കാനാണ് ശ്രമിക്കുന്നത്. ഇ-ഫയലിംഗ്, ഇ-ഡിക്ലറേഷൻ ഹെൽപ്പ് ഡസ്ക്കുകൾ എന്നിവയും സ്ഥാപിച്ചു. വാളയാർ, മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മഞ്ചേശ്വരത്തെ സ്ഥലമെടുപ്പ് നടപടി പൂർത്തിയായി.

(സി) 15125.69 കോടി രൂപ.

(ഡി) 30-11-2010-ലെ കണക്കനുസരിച്ച് 9712.61 കോടി രൂപ നികുതിയായി പിരിച്ചെടുത്തു. ഇത് വരുമാന ലക്ഷ്യത്തിന്റെ 64 ശതമാനമാണ്. മുൻ വർഷത്തിൽ ഇതേ കാലയളവിൽ ലഭിച്ചതിനേക്കാൾ 23 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(ഇ) 2010-11-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നികുതിയേതര വരുമാനത്തിൽ കൂടി ഈ വർഷം 2314.31 കോടി രൂപ പ്രതീക്ഷിക്കുന്നു.

(എഫ്) നികുതിയേതര വരുമാനമായി 2008-09 സാമ്പത്തിക വർഷത്തിൽ 1559.29 കോടി രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 1852.22 കോടി രൂപയും ലഭിച്ചു.

ശ്രീ. എ. എം. ആരിഫ് : സർ, കഴിഞ്ഞ നാലര വർഷക്കാലമായി നികുതി വരുമാനം വർദ്ധിപ്പിച്ചും വരവു ചെലവുകൾ ക്രമീകരിച്ചും നടത്തുന്ന സാമ്പത്തിക മാനേജുമെന്റിന്റെ ഫലമായി ഒരുതവണ പോലും ട്രഷറി അടച്ചു പൂട്ടാതെ സാമ്പത്തിക രംഗം കൈകാര്യം ചെയ്യുന്ന ഈ ധനകാര്യമന്ത്രിയുടെ ധനകാര്യമാനേജുമെന്റ് അങ്ങേയറ്റം എല്ലാവരാലും പ്രശംസിക്കപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പ്ലൈവുഡ് ഉൾപ്പെടെയുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ഇന്റർ സ്റ്റേറ്റ് വ്യാപാരമാണെങ്കിൽ 2 ശതമാനം ടാക്സ് മതി. അത് പലപ്പോഴും കോയമ്പത്തൂരിൽനിന്നും വാങ്ങിക്കൊണ്ട് വന്നാൽ നമ്മുടെ ഉപഭോക്താൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭിക്കും. അത്തരം ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി നമ്മുടെ നികുതി ഘടനയിൽ മാറ്റം വരുത്തി പ്രവേശന നികുതി സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ കേന്ദ്രവുമായി സഹകരിച്ചുകൊണ്ട് ഈ നിയമത്തിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ശ്രീ. ആരീഫ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഈ രീതിയിലുള്ള ഇടപാടുകളിലൂടെ എന്റെ ഒരു മിതമായ കണക്കനുസരിച്ച് ഒരു വർഷം 1,000 1,500 കോടി രൂപ വരെ നികുതി നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. നേരത്തെ സ്വന്തം ആവശ്യത്തിനാണെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ചരക്കുകൾ കേരളത്തിൽ കൊണ്ടു വന്നുകഴിഞ്ഞാൽ എൻട്രി ടാക്സ് ഉണ്ടായിരുന്നു. ഇപ്പോൾ അതില്ല. കേരളത്തിൽനിന്ന് വാങ്ങുകയാണെങ്കിൽ പന്ത്രണ്ടര ശതമാനം നികുതി കൊടുക്കേണ്ടിവരും. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്വന്തം ആവശ്യത്തിനാണെന്ന് പറഞ്ഞ് എഫ്. 16 രേഖ വച്ച് കൊണ്ടുവരികയാണെങ്കിൽ നികുതി കൊടുക്കണ്ട. ശ്രീ. ആരീഫ് സൂചിപ്പിച്ചതുപോലെ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ ചരക്കുകൾ അയയ്ക്കുന്നു. ഇപ്പോൾ സി.എസ്.റ്റി. രണ്ട് ശതമാനമേയുള്ളൂ. അവിടെ പോയിട്ട് സ്വന്തം ആവശ്യത്തിനുവേണ്ടി തിരിച്ചു കൊണ്ടുവരുന്നു. അപ്പോൾ നമുക്ക് ഇവിടെ കിട്ടേണ്ടിയിരുന്ന നികുതി കിട്ടുന്നില്ല. ആ രീതിയിലാണ് 1000-1500 കോടി രൂപ നഷ്ടം വരുന്നത്. ഇതിനൊരു പരിഹാരം എന്നു പറയുന്നത് എത്രയും പെട്ടെന്ന് ജി.എസ്.റ്റി. കൊണ്ടു വരിക എന്നുള്ളതാണ്. അതു വന്നു കഴിഞ്ഞാൽ എവിടെനിന്ന് വാങ്ങിച്ചാലും ഏത് സംസ്ഥാനത്താണോ ഇത് അവസാനം ഉപയോഗിക്കുന്നത്, ആ സംസ്ഥാനത്തേയ്ക്ക് ഉൽപ്പാദന സംസ്ഥാനത്തുനിന്ന് പിരിക്കുന്ന നികുതി തിരിച്ചു നൽകേണ്ടി വരും. കേരളത്തിന് ഇത് വളരെ ഗുണകരമായിരിക്കും. യഥാർത്ഥത്തിൽ 23 ശതമാനം നികുതി വരുമാന വർദ്ധനവുണ്ടാകുന്നുണ്ട്. പക്ഷേ ഇത് 30 ശതമാനത്തിലേറെ വർദ്ധിക്കുന്നതിന് ഒരു പ്രയാസവുമില്ല. ഭീമമായിട്ടുള്ള കോർപ്പറേഷനാണ് എൻട്രി ടാക്സ് ഇല്ലാത്തതുകൊണ്ട് ഉണ്ടായിട്ടുള്ളത്.

ശ്രീ. എ. എം. ആരീഫ് : സർ, വാളയാറിൽ ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള ചെക്ക്പോസ്റ്റ് സ്ഥാപിക്കുമെന്ന് പറഞ്ഞു. ഇതു നിലവിൽ വരാനുള്ള കാലതാമസത്തിന് എന്താണ് കാരണം ? അതുപോലെ അഴിമതി രഹിത ചെക്ക്പോസ്റ്റായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽനിന്നും അഴിമതി വല്ലതും കണ്ടെത്തിയിട്ടുണ്ടോ ; അങ്ങനെ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിന് അവാർഡ് നൽകിയിട്ടുണ്ടോ ; പ്രഖ്യാപിച്ച കാര്യങ്ങൾ എത്രത്തോളം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, വാളയാർ, അമരവിള, മഞ്ചേശ്വരം തുടങ്ങിയ ചെക്ക്പോസ്റ്റുകളാണ് അഴിമതി രഹിത ചെക്ക്പോസ്റ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇവിടങ്ങളിൽ ഏതെങ്കിലും രൂപേണ അഴിമതി നടക്കുന്നതായി തെളിവ് ഹാജരാക്കിക്കഴിഞ്ഞാൽ 25,000 രൂപ സമ്മാനം കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ചെക്ക്പോസ്റ്റുകളിൽ ഒന്നുപോലും കഴിഞ്ഞ നാല് വർഷത്തിനിടയിൽ കണ്ടു പിടിച്ചിട്ടില്ല. വിജിലൻസിന്റെ അന്വേഷണങ്ങൾ നടത്തിയപ്പോഴും ഉണ്ടായിട്ടില്ല. എന്നാൽ പാലക്കാട് ഒരു സാറ്റലൈറ്റ് ചെക്ക് പോസ്റ്റിൽ കൈക്കൂലി വാങ്ങിയ ഒരു കേസ് ഉണ്ടായിട്ടുണ്ട്. അത് കണ്ടുപിടിച്ച പത്ര പ്രവർത്തകന് സമ്മാനവും നൽകിയിട്ടുണ്ട്. നമ്മൾ വിചാരിച്ചതുപോലെ ഈ പദ്ധതി കൊണ്ടുപോകാൻ പറ്റാത്തതിനു കാരണം ആവശ്യമായ ഭൂമി കിട്ടുന്നില്ല എന്നുള്ളതാണ്. വാളയാറിൽ ഇനി പരിഷ്ക്കാരം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ മൂന്നുനാല് വകുപ്പുകളുടെ ചെക്ക്പോസ്റ്റുകൾ സംയോജിപ്പിക്കാൻ പറ്റണം. അതിന് 30 ഏക്കർ ഭൂമിയുണ്ടെങ്കിൽ അവിടെ എല്ലാവർക്കും വേണ്ടുന്ന ആധുനിക സൗകര്യങ്ങൾ, സ്കാനിംഗ് അടക്കമുള്ളതൊക്കെ ഏർപ്പെടുത്താൻ പറ്റും. അത് വരുന്നതോടുകൂടി ഈ പരിഷ്ക്കാരങ്ങൾ പൂർണ്ണമാകും. ദൗർഭാഗ്യവശാൽ വാദമെല്ലാം കഴിഞ്ഞ് ഒരു വർഷത്തിലേറെ ഈ ഭൂമി സംബന്ധിച്ച് വിധിയുണ്ടായിട്ടില്ല. അത് പാലക്കാട് ജനങ്ങളുടെ വിധിയാണെന്നല്ലാതെ എന്ത് പറയാൻ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, 3,700 കോടി രൂപയോളം വാണിജ്യ നികുതി കുടിശ്ശികയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയടക്കം നിരവധി പരിപാടികൾ ബഹുമാനപ്പെട്ട മിനിസ്റ്ററുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ സ്വീകരിച്ചിട്ടും ഇത്ര വലിയ തുക കുടിശ്ശികയാകുന്നത് എന്തുകൊണ്ടാണ്; ഇത് പിരിച്ചെടുക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. തോമസ് ഐസക്: സർ, ഈ സെഷനിലെ ചോദ്യത്തിന് 3,700 കോടി രൂപയാണ് നികുതി കുടിശ്ശിക എന്നു മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷേ ഈ കണക്ക് യഥാർത്ഥത്തിൽ അതിശയോക്തിപരമാണ്. ഈ മാസം 30-ാം തീയതി ആംനസ്റ്റി സ്കീം തീരുമ്പോൾ നമുക്ക് അവസാനത്തെ കണക്കെടുക്കാൻ പറ്റും. 3,700 കോടി രൂപയുടെ മൂന്നിലൊന്ന് സർക്കാർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ നികുതി കുടിശ്ശിക തുടരുന്നുണ്ടാകും. കളക്ടർ ഇൻ-റിക്കവറബിൾ ആണെന്ന് സർട്ടിഫൈ ചെയ്തിട്ടുള്ളത്, ഇൻസോൾവൻസിയായിട്ടുള്ളത്, ഇങ്ങനെയുള്ള ഒരിക്കലും പിരിക്കാൻ പറ്റാത്തത് മൂന്നിലൊന്നാണ്. പബ്ലിക് സെക്ടറിന്റെ യൂണിറ്റുകൾ, അപ്പീൽ സ്റ്റേയുള്ളത്, ഹൈക്കോടതിയും മറ്റും സ്റ്റേയുള്ളത്, ഇതൊക്കെ മറ്റൊരു മൂന്നിലൊന്ന് വരും. പിന്നെ ആംനസ്റ്റി സ്കീമിൽ ഏതാണ്ട് 600-700 കോടി രൂപയുടേത് സെറ്റിൽ ആയിട്ടുണ്ട്. ഇതെല്ലാം പിരിച്ചു കഴിയുമ്പോൾ പിരിക്കാൻ കഴിയുന്ന നികുതി കുടിശ്ശിക 550 കോടി രൂപ മാത്രമാണ്. അത് പരമാവധി വേഗതയിൽ പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കോടതിയിൽ അപ്പീലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി. അത് പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, അഴിമതി രഹിത ചെക്ക്പോസ്റ്റായി വാളയാർ പ്രഖ്യാപിച്ചപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാളയാറിലേക്ക് ട്രാൻസ്ഫർ വാങ്ങിത്തരണം, അവിടെപോയി മൂന്നുമാസം ജോലി നോക്കിയാൽ എല്ലാ പ്രശ്നവും തീരുമെന്ന് പറഞ്ഞ് ജനപ്രതിനിധി എന്ന നിലയിൽ എന്റെ യടുത്തു തന്നെ പലരും വന്നിട്ടുണ്ട്. ഇപ്പോൾ ഉദ്യോഗസ്ഥർ പറയുന്നത് വാളയാറിലേക്ക് വേണ്ട അവിടെനിന്നും ഒഴിവാക്കണമെന്നാണ്. പുതിയ നികുതി ഭാരമില്ലാതെ, വരുമാന വർദ്ധനവ് വൻതോതിലുണ്ടാക്കി സാമ്പത്തിക പ്രതിസന്ധിയില്ലാതെ, ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, ജി.എസ്.റ്റി നടപ്പാക്കുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾ വ്യർത്ഥമാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾ വാറ്റ് നികുതി സംമ്പ്രദായത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇന്ന് ജി.എസ്.ടി. വളരെ വ്യത്യസ്തമായിട്ടുള്ള ഒരു നികുതി സമ്പ്രദായമാണ്, വാറ്റിന്റെ വിപുലീകൃത രൂപമാണ്. അതുകൊണ്ട് ഇതുമുഴുവൻ വ്യർത്ഥമാവില്ല. എന്നുമാത്രമല്ല, ഇന്നിപ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ എല്ലാപേരും അംഗീകരിച്ച കാര്യമുണ്ട്. കേരളത്തിലേതുപോലെ കംപ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചാൽ മാത്രമേ ജി.എസ്.ടി.യിലേക്ക് പോകാൻ പറ്റൂ. രാഷ്ട്രം ഇന്ന് ജി.എസ്.ടി.യിലേക്ക് പോകാത്തതിന് രാഷ്ട്രീയ കാരണങ്ങളുണ്ട്. സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ, കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്കങ്ങൾ, പക്ഷെ അതല്ല, ഇന്നിപ്പോൾ സാങ്കേതികമായി ഈ പുതിയ സംവിധാനത്തിലേക്ക് പോകുന്നതിന് മറ്റ് സംസ്ഥാനങ്ങൾ സജ്ജമല്ല. കേരളം മാത്രമാണ് അതിന് തയ്യാറെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഈ രീതികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പകർന്നുകൊടുക്കുന്നതിന് ഒരു കൺസൾട്ടൻസി സർവ്വീസ് ഗിഫ്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ : സർ, വാണിജ്യ നികുതി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ ജീവനക്കാർ അധികമായിട്ടുവരുമോ ? അങ്ങനെ അധികം വരുന്നുണ്ടെങ്കിൽ അവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കാൻ ഈ വകുപ്പിൽ പുനഃസംഘടന നടത്തിയിട്ടുണ്ടോ ? അതോടൊപ്പം 2009-10-ലെ ബഡ്ജറ്റിൽ വാണിജ്യ നികുതി ജീവനക്കാർക്ക് അവാർഡ് നൽകുന്നതിന് മൂന്നു കോടി രൂപ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ നടപടികൾ എന്തെങ്കിലുമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോൾ ജീവനക്കാർ അധികമായി തീരുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷെ ഇന്ന് ചെയ്യുന്ന ജോലിയല്ല അവർ ചെയ്യേണ്ടത്. അതിനുള്ള പുനഃസംഘടന വേണ്ടി വരും. ഇതിന്റെ ഭാഗമായി നേരത്തെ ക്ലാർക്കുമാരായിരുന്ന ആളുകൾ ചെയ്യുന്ന പണികൾ നല്ല പങ്ക് കമ്പ്യൂട്ടർവഴിയായി. കമ്പ്യൂട്ടറൈസേഷൻ അവരുടെ ജോലിഭാരം കുറച്ചിട്ടുണ്ട്. ക്ലാർക്കുമാരിൽ വലിയ ഒരു വിഭാഗത്തെ ഇൻസ്പെക്ടർമാരായി മാറ്റി. അതിന്റെ ഫലമായി അവർ വേറെ പണിയാണ് ചെയ്യുന്നത്. പക്ഷെ കമ്പ്യൂട്ടറൈസേഷന്റെ ഫലമായി ജോലിഭാരം വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള വലിയ ഒരു ആക്ഷേപമുണ്ട്, കാരണം, പണ്ട് പരിശോധിക്കാൻ പറ്റാത്ത ഒരുപാട് കാര്യങ്ങൾ ഇന്ന് പരിശോധിക്കുകയാണ്. പണ്ട് പരിശോധിച്ചതിന്റെ അഞ്ചു മടങ്ങ് പരിശോധന ഇന്ന് നടക്കുന്നുണ്ട്. അപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ പുതിയ കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റത്തിനുള്ളിലുള്ള ജോലി ഭാരത്തെക്കുറിച്ച് അസസ്സ് ചെയ്യുന്നതിന്, പുനഃസംഘടന സംബന്ധിച്ച് ശാസ്ത്രീയമായിട്ടുള്ള ഒരു നിഗമനത്തിൽ എത്തുന്നതിനുവേണ്ടി, സി.എം.ഡി..യെ കൊണ്ട് ഒരു വിശദമായ പഠനം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പെട്രോൾ വില വർദ്ധനവ് കാരണം സംസ്ഥാനത്തിന് വിൽപ്പന നികുതിയിനത്തിൽ എത്ര കോടി രൂപ അധിക വരുമാനമുണ്ടാകും ? പെട്രോൾ വില കുറയ്ക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ കൂട്ടിയ പെട്രോൾ വിലയിന്മേൽ വിൽപ്പന നികുതി ഒഴിവാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട അംഗം കരുതുന്നതുപോലെ പെട്രോളിന്റെ വില വർദ്ധനവിന്റെ ഫലമായി നികുതി വരുമാനത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ നികുതി വരുമാന വർദ്ധനവിന് ഒപ്പം മാത്രമേ പെട്രോളിൽനിന്നുള്ള നികുതി കൂടിയിട്ടുള്ളു. ഇതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് റെയിൽവേ നേരിട്ട് കേരളത്തിൽനിന്ന് വാങ്ങുന്നതിന് പകരം മംഗലാപുരം റിഫൈനറിയിൽനിന്നാണ് പെട്രോൾ ഉല്പന്നങ്ങളും ഡീസലും വാങ്ങുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ഒരു വർദ്ധന പെട്രോളിൽനിന്നുള്ള വരുമാനത്തിൽനിന്ന് ഉണ്ടായിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, നികുതി പിരിക്കുന്നതിൽ അങ്ങ് കാണിച്ച ശുഷ്ക്കാന്തിയെ അഭിനന്ദിക്കുന്നു. ഈ സർക്കാരിന്റെ അഞ്ചു ബജറ്റ് വന്നപ്പോഴും പത്തു പൈസയുടെ നികുതി ഭാരം പോലും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാതിരുന്നത് കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിലെ പുതിയ അനുഭവമാണ്. എന്നാൽ അഞ്ചുലക്ഷത്തി ചില്വാനം കോടി രൂപ കോർപ്പറേറ്റ് മാനേജുമെന്റുകൾക്ക് കേന്ദ്ര സർക്കാർ ഇളവ് ചെയ്തുകൊടുത്ത നടപടിപോലെ കേരളത്തിലെ ഏതെങ്കിലും കോർപ്പറേറ്റ് കമ്പനികൾക്ക് നികുതി ഇളവ് ചെയ്തു കൊടുത്ത ഏതെങ്കിലും അനുഭവമുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, ആ രീതിയിൽ ഇളവ് കൊടുത്തിട്ടില്ല. ഉദാഹരണമായി ഞാൻ നമ്മുടെ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്, ഒന്ന്, നികുതി ഘടനയിൽ ചില മാറ്റം ഉണ്ടാകുമ്പോൾ നമ്മുടെ വ്യവസായത്തെ സംരക്ഷിക്കണം. അതിനുതകുന്ന ചില നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ കശുവണ്ടി വ്യവസായം തുടങ്ങിയ കാലം മുതൽ നടത്തുന്ന അനധികൃതമായ ഏർപ്പാടുകളുണ്ട്. അതൊരു നാട്ടുനടപ്പും വ്യവസായ നടത്തിപ്പിന്റെ രീതിയുമായി മാറി. പൊതുമേഖലാ സ്ഥാപനങ്ങൾപോലും ആ രീതിയിൽ അനധികൃതമായി കാര്യങ്ങൾ ചെയ്തുവന്നു. അത് കണ്ടുപിടിച്ചു. എന്നാൽ ഇക്കാര്യത്തിൽ മുൻകാല പ്രാബല്യത്തോടെ മുഴുവൻ പിഴയും ചേർത്ത് ഈടാക്കാൻ പോയാൽ വ്യവസായം തകർന്നുപോകും, അതുകൊണ്ട് ഇവിടെ

സഭയിൽ പറഞ്ഞത് തന്നെ പറഞ്ഞിട്ട് നികുതി ഇളവ് നൽകുകയില്ല, അതിന്റെ പലിശയിൽ വീഴ്ചയില്ല. പക്ഷെ പിഴയും മറ്റ് ക്രിമിനൽ നടപടികളും ഒഴിവാക്കുന്നതിന് ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള സമീപനം സ്വീകരിക്കും, പക്ഷെ നികുതിയുടെ കാര്യത്തിൽ ഒരു കാരണവശാലും വിട്ടുവീഴ്ച ചെയ്യുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ഇവിടെ പറഞ്ഞു, കഴിഞ്ഞ നാലു വർഷമായി അഴിമതിരഹിത ചെക്ക്പോസ്റ്റുകളായി മൂന്നു ചെക്ക്പോസ്റ്റുകൾ പ്രഖ്യാപിച്ചതിനുശേഷം കൈക്കൂലി കൊടുത്ത ആകെ ഒരു കേസ് മാത്രമാണ് ഉള്ളത്, ബാക്കി എല്ലാ സ്ഥലങ്ങളിലും അഴിമതിരഹിതമായിരുന്നു എന്ന്. എന്നാൽ ചില സ്ഥലങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തുകയും ആ വിജിലൻസ് റെയ്ഡ് നടത്തി അവിടെയിരുന്ന ഉദ്യോഗസ്ഥരുടെ പക്കൽനിന്നും കണക്കിലധികമുള്ള പണം പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ അങ്ങയുടെ ഓഫീസിൽ നിന്ന് ഇടപെട്ട് ആ പണം തിരിച്ചുകൊടുക്കുകയും വിജിലൻസ് റെയ്ഡ് നിറുത്തിവയ്പ്പിച്ച് തിരിച്ചുപോരുകയും ചെയ്തതായ സംഭവം അമരവിള ചെക്ക്പോസ്റ്റിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽ ഇതുവരെപ്പെട്ടിട്ടില്ലേ ?

ഡോ. തോമസ് ഐസക് : സർ, അമരവിള ചെക്ക്പോസ്റ്റിൽ വിജിലൻസിന്റെ പരിശോധനയുണ്ടായിരുന്നു. ആ പരിശോധന പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അവിടെ അത്തരത്തിലുള്ള ക്രമക്കേടില്ല എന്ന് കൃത്യമായി റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. എം. മോനായി : സർ, അസാധ്യം എന്നുള്ളത് സാദ്ധ്യമാക്കിയ മികച്ച ഒരു ധനകാര്യമന്ത്രിയായി കേരളം അങ്ങയെ ഓർമ്മിക്കും. സംസ്ഥാനത്ത് കൃത്യമായി നികുതി അടയ്ക്കുന്നവരും നികുതി വെട്ടിപ്പ് നടത്തുന്നവരുമുണ്ട്. അതുകൊണ്ടാണ് ആംനസ്റ്റി പോലുള്ള പദ്ധതികൾ അങ്ങ് പ്രഖ്യാപിക്കുന്നത്. അപ്പോൾ കൃത്യമായി നികുതി അടയ്ക്കുന്ന നമ്മുടെ സഹകരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമെല്ലാം അവർ ഓരോ വർഷത്തെ നികുതി അടയ്ക്കുന്നത് കണക്കാക്കി ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, കൂടുതൽ നികുതി അടയ്ക്കുന്നവർക്ക് പണമായി ഇൻസെന്റീവ് നൽകുന്നതിന് ഉദ്ദേശിക്കുന്നില്ല. പക്ഷെ ഇത്തരത്തിൽ ഏറ്റവും നല്ല നികുതിദായകർക്കുള്ള അവാർഡുകൾ ഈ വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ മേഖലയിലും ഏറ്റവും കൂടുതൽ നികുതി അടച്ചിട്ടുള്ളവർ മാത്രമല്ല ക്രമക്കേടുകളില്ലാതിരുന്നിട്ടുള്ളവർ, അങ്ങനെയുള്ളവരെ ചില മാനദണ്ഡം വച്ച്, ഏറ്റവും നല്ല നികുതിദായകരെ ആദരിക്കുന്ന ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. അവർക്ക് പണത്തിൽ ഇൻസെന്റീവ് ഇല്ലെങ്കിലും ഗ്രീൻകാർഡ് തുടങ്ങിയിട്ടുള്ള ഇൻസെന്റീവ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, അഴിമതിരഹിത ചെക്ക്പോസ്റ്റുകളാക്കി ചില ചെക്ക് പോസ്റ്റുകളെ മാറ്റിയതിലൂടെ പരിശോധനയില്ലാതെ വാഹനങ്ങളെ കടത്തിവിടുന്ന ഒരു സംവിധാനമുണ്ടാക്കി. പക്ഷെ ഈ സൗകര്യങ്ങൾ മറയാക്കി വലിയ തോതിൽ സ്പിരിറ്റ്, ലോട്ടറി ടിക്കറ്റ് എന്നിവയുടെ കള്ളക്കടത്ത് നടത്തിയതായി പിന്നീട് പരിശോധനയിൽ കണ്ടെത്തിയതായും മാധ്യമത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. അടുത്ത കാലത്തുതന്നെ വലിയ തോതിൽ അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ ഈ ചെക്ക്പോസ്റ്റുകളിലൂടെ കടത്തിക്കൊണ്ടു വന്ന സംഭവങ്ങൾ കണ്ടുപിടിച്ചതും വാർത്തയായി. ഇങ്ങനെ ലോട്ടറി ടിക്കറ്റുകൾ കടത്തിക്കൊണ്ടുവന്നത് കണ്ടുപിടിച്ച ഉദ്യോഗസ്ഥർക്ക്.....

മി. സ്പീക്കർ : മൊബൈൽ ഫോൺ ബഹുമാനപ്പെട്ട അംഗങ്ങൾ ഓഫാക്കണം. ജാമറില്ല, അത് രണ്ടുപ്രാവശ്യം ചെയർ പറഞ്ഞതാണ്. സ്വയം എല്ലാപേരും നിയന്ത്രിക്കണമെന്ന് പറഞ്ഞതാണ്.

ശ്രീ. കെ. ശിവദാസൻ നായർ : (തുടർച്ച) ഈ അന്യ സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ കടത്തിക്കൊണ്ടുവന്നത് പിടിച്ചെടുത്ത ഉദ്യോഗസ്ഥർക്ക് റിവാർഡ് കൊടുത്തിട്ടുണ്ടോ ; ആ സംഭവത്തിൽ ആർക്കെങ്കിലുമെതിരെ കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : സർ, നമ്മുടെ ചെക്ക് പോസ്റ്റുകളിലൂടെ കടന്നു വരുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കാൻ കഴിയില്ല. വാളയാർ ചെക്ക്പോസ്റ്റിലൂടെ ഏതാണ്ട് രണ്ടായിരം വാഹനങ്ങളാണ് വരുന്നത്. ഒരു സാമ്പിൾ അടിസ്ഥാനത്തിൽ ഏതാനും വാഹനങ്ങൾ എല്ലാ ദിവസവും പരിശോധിക്കുന്ന രീതിയേ സാധ്യമാകൂ. ഇത് വിട്ടുള്ളതിനപ്പുറമുള്ള പരിശോധന നടത്തണമെങ്കിൽ സ്കാനിംഗ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇതിൽ ലോട്ടറി ടിക്കറ്റ് കൊണ്ടുവരുമ്പോൾ ഉദ്യോഗസ്ഥർ എന്തൊക്കെ പരിശോധിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു പ്രകാരം ഇതുവരെ ആകെ ചോദിക്കാനുണ്ടായിരുന്നത് രജിസ്ട്രേഷനുണ്ടോ എന്നാണ്. രണ്ടാമതായി ഇതിൽ മുൻകൂർ നികുതി അടച്ചിട്ടുണ്ടോയെന്നുള്ളത് മാത്രമായിരുന്നു. ഇപ്പോൾ നിയമഭേദഗതി വരുത്തിയപ്പോൾ ഇതുമാത്രമല്ല, ഇവിടെ അസസ്സിംഗ് അതോറിറ്റിയുടെ മുമ്പിൽ സമർപ്പിക്കേണ്ട ഡിക്ലറേഷനുമുണ്ട്. കൂടാതെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവരങ്ങൾ, ലോട്ടറി നടത്തുന്ന സർക്കാരിന്റെ സർട്ടിഫിക്കറ്റ്, എന്നിവയുടെ കോപ്പികൾ കൂടി ഇവിടെ ഹാജരാക്കണം. ഇത് പരിശോധിച്ചശേഷം മാത്രമാണ് ഇപ്പോൾ വാഹനങ്ങൾ കടത്തിവിടുന്നത്. എപ്പോഴൊക്കെ ഇത്തരത്തിൽ മുൻകൂർ നികുതി അടയ്ക്കുന്നതിന് വീഴ്ച വന്നിട്ടുണ്ടെന്ന് തോന്നിയിട്ടുണ്ടോ അപ്പോഴെല്ലാം ലോട്ടറി ടിക്കറ്റ് പിടിച്ചുവച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, മഞ്ചേശ്വരം ചെക്ക്പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കുകയും അതനുസരിച്ച് കാര്യങ്ങൾ നീങ്ങുകയുമാണ്. എന്നാൽ മഞ്ചേശ്വരം ചെക്ക്പോസ്റ്റ് നവീകരണത്തിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുമെന്ന് അങ്ങ് പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ ഇതുവരെ അതിന്റെ നടപടികൾ ആരംഭിച്ചിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്. പക്ഷേ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിൽ എത്തി എന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ചില ഏജൻസികളെ കണ്ടെത്തിയിരുന്നു. എന്നാൽ വാളയാർ വിംഗിൽ അനന്തമായി നീണ്ടു പോയതിന്റെ പശ്ചാത്തലത്തിൽ അവർക്ക് ഇതിൽ മൊത്തത്തിൽ താല്പര്യം കുറഞ്ഞിരിക്കുകയാണ്. എന്നുവച്ച് ഇതിൽ ഒരു വീഴ്ചയും വരാൻ പോകുന്നില്ല. ഈ നിയമസഭാ സമ്മേളനത്തിലെ ബഡ്ജറ്റ് അവതരണത്തിനുശേഷം അല്ലെങ്കിൽ ആ ചർച്ച നടക്കുന്ന വേളയിൽ ആദ്യത്തെ ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റ് മഞ്ചേശ്വരത്ത് സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് നികുതി കുടിശിക പെനാൽറ്റിയടക്കം അടയ്ക്കേണ്ട ആളുകളുടെ അടുത്തേയ്ക്ക് പോയി, വളരെ എളിമയോടെ, കോളേജിൽ പഠിച്ചിട്ടുള്ള ആളാണ് അദ്ദേഹം, അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് അതാണെന്നാണ് സംശയം, അവരുടെ അടുത്തു പോയി നികുതി അടയ്ക്കണം എന്ന് അഭ്യർത്ഥിക്കുന്ന സാഹചര്യം കാണാൻ ഇടയായി. തടി വ്യവസായ മേഖലയിൽ പ്ലൈവുഡ് സോണിൽ നടത്തുന്ന 800 ഓളം സ്ഥാപനങ്ങളിൽ നിന്ന് കിട്ടാവുന്ന പണം ലഭിക്കുന്നതിനു വേണ്ടി അവരുടെ അടുത്തേയ്ക്ക് പോയി ചർച്ച ചെയ്തിട്ട് എത്ര കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട് ; എത്ര കോടി രൂപ പിരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയുന്നതോടൊപ്പം കുമളി ചെക്ക് പോസ്റ്റിലുള്ള വേയ് ബ്രിഡ്ജ് കേടായി കിടക്കുകയാണ്, കണ്ണൂർക്കാരൻ നിർമ്മിച്ചതാണ്, അത് മുഴുവൻ ഗവൺമെന്റ് ഏറ്റെടുക്കാൻ ചില ഗൂഢശ്രമങ്ങൾ നടക്കുന്നതായി ഞാൻ അറിയുന്നു. അത് ശരിയാണോ എന്നുകൂടി അങ്ങ് പറയണം ?

ഡോ. തോമസ് ഐസക് : സർ, കുമളി വേയ് ബ്രിഡ്ജ് ഒരു നാണക്കേടാണ്. ഞാൻ തുറന്നു സമ്മതിക്കുകയാണ്. ഒരു പറ്റം സാമൂഹിക വിരുദ്ധന്മാർ ചെക്ക് പോസ്റ്റിലെ വേയ് ബ്രിഡ്ജ് പ്രവർത്തിക്കാൻ അനുവദിക്കാത്ത ഒരു സാഹചര്യം വന്നു. ഇപ്പോൾ അവിടെ വേണ്ടത്ര സ്ഥലം ഇല്ലാത്തതുകൊണ്ട് വണ്ടി വളരെ പ്രയാസപ്പെട്ടുവേണം കയറാനും ഇറക്കാനും. വണ്ടികൾ അതിന് മുമ്പിൽ പാർക്ക് ചെയ്യാനോ, മറ്റ് കാര്യങ്ങൾ ചെയ്യാനോ, പറ്റാത്ത ഒരു നിലയിൽ എത്തിച്ചേർന്നു. അത് മറികടക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഞാൻ തുറന്നു സമ്മതിക്കുകയാണ്. അത് ഒരു വീഴ്ച തന്നെയാണ്. എന്നാൽ ഇവിടെ പ്ലൈവുഡ് വ്യവസായങ്ങളും നമ്മുടെ നാട്ടിൽ വളർന്നുവരുന്ന പ്രധാനപ്പെട്ട ഒരു വ്യവസായമല്ലേ ? നമ്മുടെ റബ്ബറിന്റെ പാഴ് തടികൾ അല്ലെങ്കിൽ തെങ്ങിന്റേത് എല്ലാം സംസ്ക്കരിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തിരുപ്പൂർ അതല്ലെങ്കിൽ ശിവകാശിയെപ്പോലെ ഒരു പ്രോഡക്ട് ആസ്പദമാക്കി കേരളത്തിൽ വളർന്നു വന്നിട്ടുള്ള ഒരു വ്യവസായ കേന്ദ്രമാണ് പെരുമ്പാവൂർ. അവിടെ ചില പ്രശ്നങ്ങൾ ഉണ്ട്. കശുവണ്ടി വ്യവസായം എന്ന പോലെ. ഇപ്പോൾ നികുതി പിരിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയുമില്ല. കൃത്യമായ കണക്ക് എന്റെ ഓർമ്മയിൽ ഇല്ലെങ്കിലും 5 വർഷമായി കിട്ടിക്കൊണ്ടിരിക്കുന്നതിന്റെ 10 മടങ്ങ് നികുതി, വരുമാനം ഇന്ന് വരുന്നുണ്ട്. പക്ഷേ മുൻകാലങ്ങളിലുള്ള ഒരുപാട് ക്രമക്കേടുകൾ വളരെ വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. അതിനെല്ലാം നികുതിയുടെ ഇരട്ടി പിഴ കൊടുക്കണം. ക്രിമിനൽ കേസുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ പാടില്ല എന്ന് അവിടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ജനപ്രതിനിധികൾ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ പോയി ചർച്ച ചെയ്യുകയും നിലപാട് വ്യക്തമാക്കുകയും ചെയ്തു. ഒന്ന്, തരാനുള്ള നികുതി പലിശ അടക്കം തരണം. പിഴ ക്രിമിനൽ കേസ് തുടങ്ങിയവയെക്കുറിച്ച് ഈ നിയമസഭയിൽ സമവായം ഉണ്ടാവുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും തയ്യാറാണ് എന്ന് പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ : സർ, വാളയാർ ചെക്ക് പോസ്റ്റ് കർശനമാക്കിയപ്പോഴാണ് കുറുക്ക് വഴികളിലൂടെ സാധനങ്ങൾ കടത്തികൊണ്ട് വരാൻ തുടങ്ങിയത്. അവിടെയെല്ലാം ധനകാര്യ വകുപ്പുമന്ത്രി മുൻകൈ എടുത്ത് സാറ്റലൈറ്റ് ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. അപ്പോൾ ഒരു പുതിയ മാർഗ്ഗം ഈ നികുതി തട്ടിപ്പുകാർ കണ്ടെത്തിയിരിക്കുകയാണ്. റെയിൽവേ വഴിയുള്ള ചരക്ക് കടത്താണ്. കോയമ്പത്തൂരിൽ നിന്ന് ഇലക്ട്രിക്, ഇലക്ട്രോണിക് സാധനങ്ങളാണ് വളരെ കൂടുതലായി റെയിൽവേ വഴി വരുന്നത്. അത് നികുതി വെട്ടിച്ച് കടത്തുന്നതാണ്. റെയിൽവേ വഴി വരുന്ന നികുതി വെട്ടിപ്പ് കണ്ടെത്താനും പിടിക്കാനും എന്തെങ്കിലും മാർഗ്ഗങ്ങൾ ആരാഞ്ഞിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, ഇത് പരിഹരിക്കണമെങ്കിൽ എല്ലാ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും ചെക്ക്പോസ്റ്റ് അല്ലെങ്കിൽ അതുപോലെയുള്ള സംവിധാനം ഉണ്ടാക്കേണ്ടിവരും. ഇപ്പോൾ അതിന് കഴിയുന്നില്ല. അതിനുള്ള ആളില്ല. അതുകൊണ്ട് നമ്മുടെ സ്പെഷ്യൽ സ്കാഡുകൾ ഇടയ്ക്കിടയ്ക്ക് ചെക്ക് ചെയ്യുന്നതേയുള്ളൂ. ഒരു ദിവസം ചെക്കിംഗ് തുടങ്ങിയാൽ ബാക്കി യെല്ലായിടത്തും ഇതറിയും. അതിന്റെ പ്രതിരോധങ്ങൾ എടുക്കുകയും ചെയ്യും. ഇതിന്റെകൂടി പശ്ചാത്തലത്തിലാണ്, ഇപ്പോഴുള്ള പരിഷ്ക്കാരങ്ങളുടെ പശ്ചാത്തലത്തിൽ ജോലിഭാരം എന്താണ്, അതിനുവേണ്ടി പുതുതായിട്ട് ആളുകൾ വേണോ അല്ലെങ്കിൽ റീഡിപ്ലോയ്മെന്റ് വേണമോ തുടങ്ങിയ കാര്യങ്ങൾ സി.എം.ഡി.യെ കൊണ്ട് പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചത്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ജി.എസ്.ടി. നടപ്പിലാക്കാൻ കേരളത്തിലെപോലെ കമ്പ്യൂട്ടറൈസേഷൻ വ്യാപകമായാൽ മാത്രമേ സാധ്യമാവുയെന്നുപറഞ്ഞു. നമ്മൾ ഇപ്പോൾ ഇ-പേമെന്റും ഇ-റിട്ടേണും നടപ്പിലാക്കിയിട്ടുണ്ട്. അത് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ, അതിലൂടെ വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ ഏതാണ്ട് പൂർണ്ണമായി കഴിഞ്ഞു. നമ്മൾ ഇ-ഫയലിംഗിൽ നിന്നാണ് ആരംഭിച്ചത്. എല്ലാവരും ഇത് അക്സെപ്റ്റ് ചെയ്തുവരാൻ രണ്ട് വർഷത്തോളം എടുത്തു. അതു കഴിഞ്ഞപ്പോൾ ഇ-പേമെന്റ് ആയി. ഒരു സ്റ്റെപ്പ് കൂടി കടന്ന് സ്റ്റാറ്റ്യൂട്ടറി ഫോംസൊക്കെ ഡൗൺലോഡ് ചെയ്യാം എന്നായി. ഇപ്പോൾ ചെക്ക് പോസ്റ്റുകളിലും ഓൺ ലൈൻ ആക്കിയിരിക്കുകയാണ്. അതുകൂടി പൂർത്തിയാകുന്നതോടുകൂടി വിവര

LIBRARY ARCHIVES Kerala Legislative Assembly

അടിത്തറ വളരെ ഭദ്രമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഗുണം എന്താണെന്നു വച്ചാൽ, നേരത്തെ മാസാമാസം നൽകുന്ന റിട്ടേണുകളുടെ 20 ശതമാനംപോലും സ്ക്രൂട്ടിണി ചെയ്യാൻ കഴിയുമായിരുന്നില്ല. ഇന്ന് അത് 80 ശതമാനമായിട്ട് ഉയർത്തിയിട്ടുണ്ട്. താമസിയാതെ 100 ശതമാനമായി തീരും. എന്നു മാത്രമല്ല, ഒരു വ്യാപാരി നൽകുന്ന കണക്കിൽ നിന്ന് മറ്റ് വ്യാപാരികളിൽ നിന്ന് എന്ത് വാങ്ങിച്ചുവെന്നും മറ്റ് വ്യാപാരികൾക്ക് എന്ത് വിറ്റുവെന്നും പറയുന്നുണ്ടാകും. മറ്റ് വ്യാപാരികളുടെ കണക്കിൽ ഇതൊക്കെ ഉണ്ടോ എന്ന് നോക്കാൻ പറ്റും. ഇത് കമ്പ്യൂട്ടറിലൂടെ മാത്രം പറ്റും. യഥാർത്ഥത്തിൽ ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന ഈ പരിഷ്ക്കാരങ്ങളുടെ നേട്ടം വരും വർഷങ്ങളിലാണ് ഉണ്ടാകാൻ പോകുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നികുതി പിരിവ് ഊർജ്ജിതമാക്കിയതിന്റെയും നികുതിയേതര വരുമാനം ഉണ്ടാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെയും ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നല്ല നിലയിലാണെന്നാണ് മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ചൂണ്ടിക്കാണിച്ചത്. മാത്രമല്ല പാവപ്പെട്ടവരെ സഹായിക്കുന്ന ഒരു ബഡ്ജറ്റാണ് അദ്ദേഹം എല്ലാ കാലത്തും അവതരിപ്പിക്കാറുള്ളത്. എം.എൽ.എ.ഫണ്ടിനേയും വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭിക്കുന്ന ഫണ്ടിനെയും പാവപ്പെട്ടവരെ സഹായിക്കുന്ന പട്ടികയിൽപ്പെടുത്തി വാറ്റ് നികുതിയിൽ നിന്ന് ഒഴിവാക്കി ഈ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ കൊണ്ടുപോകാൻ, എം.എൽ.എ.മാരെ സഹായിക്കാൻ അങ്ങ് താല്പര്യം കാണിക്കുമോ ?

ഡോ: തോമസ് ഐസക് : സർ, സർക്കാരിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും പാവങ്ങളെ സഹായിക്കാൻവേണ്ടി തന്നെയാണ്. സർക്കാർ ചെയ്യുന്ന ഒരു പ്രവർത്തിക്കും ഇനി നികുതി വേണ്ടായെന്ന് തീരുമാനിക്കുകയാണെങ്കിൽ നമുക്ക് അങ്ങനെയാകാം. അതല്ലാതെ അതിൽ ഒരു വിഭാഗത്തിന് മാത്രമായിട്ട് നൽകുന്നത് ഉചിതമല്ല എന്നാണ് എന്റെ ചിന്ത. എങ്കിലും തുറന്ന മനസ്സാൽ നമുക്ക് നോക്കാം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങ് സെയിൽസ് ടാക്സ് ആഫീസും ട്രഷറിയുമൊക്കെ കമ്പ്യൂട്ടറൈസ് ചെയ്ത് വളരെ ഇഫക്ടീവാക്കിയിട്ടുണ്ട്. പക്ഷേ ഒരു പ്രശ്നം എന്താണെന്നു വച്ചാൽ, ഇന്നിപ്പോൾ ബിസിനസ്സുകാർ മിക്കവാറും ബില്ല് ചെയ്യുന്നില്ല. എനിക്ക് തോന്നുന്നു 100 ശതമാനവും ബില്ലിംഗില്ല. അതിന്റെ സൊല്യൂഷൻ എന്നു പറഞ്ഞാൽ കടകൾ മുതൽ ഇത്ര ലക്ഷത്തിന് മുകളിൽ ടേണോവർ ഉണ്ടെങ്കിൽ അവർ 100 ശതമാനം ബില്ലിംഗും 100 ശതമാനം സ്റ്റോക്കും കമ്പ്യൂട്ടർ വഴി ചെയ്തിട്ട് അത് നെറ്റ് വർക്ക് ചെയ്യണം. നമ്മുടെ സെയിൽസ് ടാക്സ് ആഫീസിൽ ഇരുന്നാൽ അറിയണം, ഇന്നയിടത്ത് ഇത്ര സ്റ്റോക്ക് വരുന്നു എന്ന കാര്യം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ പറ്റുകയുള്ളു. എനിക്ക് ഒരു പുതിയ ആശയം വന്നിരിക്കുന്നത് ഫെയ്സ് ബുക്കുപോലെ എന്തുകൊണ്ട് നമ്മൾ ഒരു ബിസിനസ്സ് ബുക്ക് എന്ന ഒരു പ്രസ്ഥാനം കേരളത്തിൽ തുടങ്ങിക്കൂടാ. അങ്ങേയ്ക്ക് വേണമെങ്കിൽ അതിന്റെ പേറ്റന്റ് കൊണ്ട് ലക്ഷക്കണക്കിന്

കോടിപതീയാകാം. ഈ വർഷത്തെ ടൈം മാസികയുടെ പേഴ്സണൽ ഓഫ് ദി ഈയർ ആയിരിക്കുന്നത് 26 വയസ്സുള്ള, ഫെയ്സ് ബുക്ക് തുടങ്ങിയിരിക്കുന്ന സുക്കർബെർക്കാണ്. അതുപോലെ തന്നെ ഒരു ആശയമായിരിക്കും ബിസിനസ് ബുക്ക് തുടങ്ങിയാൽ വലിയ വരുമാനം സംസ്ഥാന സർക്കാരിന് കിട്ടാൻ സാധ്യതയുണ്ട്. അതിന് നടപടി എടുക്കുമോ ?

ഡോ: തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. അൽഫോൺസ് കണ്ണന്താനം പറയുന്ന കാര്യങ്ങളൊക്കെ വളരെ ഗൗരവത്തിൽത്തന്നെ പരിഗണിക്കേണ്ടതാണെന്ന് എനിക്ക് അറിയാം. നമുക്ക് ഇത് ചർച്ച ചെയ്യാം. എനിക്ക് പൂർണ്ണമായിട്ട് പറഞ്ഞാൽ ആശയം പിടികിട്ടിയിട്ടില്ല. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് പറയാം. നമ്മുടെ കമ്പ്യൂട്ടറിൽ തന്നെ ബിൽ കൊടുക്കുന്ന കടകളിൽപ്പോലും അതിന്റെ സോഫ്റ്റ്വെയറിൽ തിരിമറികൾ നടത്തി കണക്കുകൾ മാറ്റിവയ്ക്കുന്ന ഒരുപാട് രീതികളൊക്കെയുണ്ട്. അതൊക്കെ നമുക്ക് പരിശോധിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, വാളയാറിലെ നാല് ചെക്ക് പോസ്റ്റിലെ ക്ലിയറൻസ് കഴിഞ്ഞാണ് പോലീസ് സ്പിരിറ്റ് പിടിച്ചത്. വിവരസാങ്കേതിക വിദ്യ നടപ്പിലാക്കുന്നുവെന്ന് പറയുന്ന ഈ ചെക്ക് പോസ്റ്റുകളിൽ ഒരു വിവരവുമില്ലാത്തവരുടെ സാങ്കേതിക വിദ്യയാണ് നടക്കുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് മലബാർ സിമെന്റ്സിന്റെ ലോറിയിലും സ്പിരിറ്റ് പിടിച്ചത്. അതുപോലെ നടപ്പുണ്ണി, ഗോപാലപുരം, വാളയാർ ചെക്ക് പോസ്റ്റുകൾ നവീകരിച്ചപ്പോൾ അട്ടപ്പാടിയിലെ ആനക്കട്ടി ചെക്ക് പോസ്റ്റിൽ ഒരു സംവിധാനവുമില്ല. ശ്രീ. എം. ചന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ ഊടുവഴികളിലൂടെ ഇപ്പോഴും ചരക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം ഒരു പരിഹാരം ഉണ്ടാക്കാൻ അങ്ങ് ശ്രമിക്കുമോ ?

ഡോ. തോമസ് ഐസക്: സർ, കേരളത്തിലെ ഊടുവഴികളുടെ എണ്ണം ഓരോ വർഷം കഴിയുംതോറും കൂടുകയാണ്. അവിടെയൊക്കെ എങ്ങനെയാണ് ചെക്ക്പോസ്റ്റ് വയ്ക്കുക ? ചെക്ക്പോസ്റ്റിൽ സ്പിരിറ്റുണ്ടോ ഇല്ലയോ എന്നുള്ള പരിശോധന ഇല്ല എന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. അതൊക്കെ നോക്കേണ്ടത് എക്സൈസുകാരാണ്. എക്സൈസിന്റെ സർട്ടിഫിക്കറ്റുണ്ടെങ്കിൽ, നികുതി അടയ്ക്കേണ്ട ഉൽപ്പന്നങ്ങളാണെങ്കിൽ അതിന്റെ കാര്യങ്ങളാണ് പരിശോധിക്കുക. പക്ഷേ ഈ സ്കാനിംഗ് മിഷ്യൻ വന്നു കഴിഞ്ഞാൽ അത് വളരെ ലളിതമാണ്. എന്തിനുള്ളിൽ സ്പിരിറ്റ് ഒളിപ്പിച്ചാലും കണ്ടുപിടിക്കുവാൻ കഴിയും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് നടത്തുന്ന സാമ്പത്തിക ക്രമീകരണവും നിയന്ത്രണവും പ്രശംസാർഹമാണ്. നമ്മുടെ ജനാധിപത്യം സുസ്ഥിരമാകണമെങ്കിൽ സംസ്ഥാനങ്ങൾ കൂടുതൽ ശക്തമാകേണ്ടതുണ്ട്. ഇന്ന് സംസ്ഥാനങ്ങളെല്ലാംതന്നെ അത്യാവശ്യ കാര്യങ്ങൾപോലും നിർവ്വഹിക്കുവാൻ കഴിയാത്തവിധം സാമ്പത്തിക ഞെരുക്കത്തിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അങ്ങയുടെ അഭിപ്രായത്തിൽ ഈ സെൻട്രൽ സ്റ്റേറ്റ് റിലേഷൻഷിപ്പിൽ, പ്രത്യേകിച്ച് നികുതി ഘടനയുടെ കാര്യത്തിൽ എന്തെങ്കിലും പരിഷ്ക്കാരമുണ്ടാകുന്നത് സംസ്ഥാനങ്ങളെ രക്ഷിക്കുവാൻ സഹായകരമാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, കഴിഞ്ഞ രണ്ടു വർഷക്കാലമായി ജി.എസ്.ടി. കേരളത്തിന് ഗുണകരമായി തീരുന്നതിനുള്ള പരീക്ഷണങ്ങൾ നമ്മൾ നടത്തിവരികയായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് സംസ്ഥാനങ്ങളുടെ നികുതി നിരക്ക് ഉയർത്തുക എന്നുള്ളതാണ്. കേന്ദ്രത്തിന്റെ നികുതി നിരക്ക് വേണമെങ്കിൽ അവർ കുറച്ചുവച്ചു കൊള്ളട്ടെ. ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്ന വരുമാനം കൂടണം എന്ന ഒരു സമീപനം കൈക്കൊള്ളുകയുണ്ടായി. എന്നുവച്ചാൽ വെറും റവന്യൂ ന്യൂട്രലായിട്ടുള്ള റേറ്റല്ല, ഫെയർ റേറ്റ് ആയിരിക്കണമെന്നുള്ളതാണ്. ജി.എസ്.ടിയുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന നികുതി ബന്ധങ്ങളിൽ ഒരു കാതലായ പൊളിച്ചെഴുത്ത് നടത്തുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. അത് എത്രകണ്ട് വിജയിക്കുമെന്ന് പറയാൻ പറ്റുകയില്ല.

പ്രൊഫ. എൻ. ജയരാജ് : സർ, ഡാമുകളിലെ മണൽ വിറ്റ് നമ്മുടെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം കഴിഞ്ഞ ബഡ്ജറ്റിൽ ഉണ്ടായിരുന്നു. ഈ ഇനത്തിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ ഡാമുകളിൽനിന്നാണ് ഇങ്ങനെ മണൽ കളക്ട് ചെയ്യാൻ കഴിഞ്ഞത് ; അതിന്റെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് രൂപത്തിലാണ് ; എങ്ങനെയാണ് അത് പബ്ലിക്കിന് ലഭ്യമാക്കുന്നത് ?

ഡോ. തോമസ് ഐസക് : സർ, ഡാമുകളിലെ മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നത് പ്രതീക്ഷിച്ചതുപോലെ വിജയിപ്പിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ മുന്നൂറ് കോടി രൂപ ഈ ഇനത്തിൽ വരുമാനം കിട്ടുമെന്ന് കണക്കാക്കിയിട്ടിട്ടുണ്ട്. ആ ലക്ഷ്യം ഈ വേനൽക്കാലത്ത് നേടാൻ കഴിയുമെന്നാണ് കരുതുന്നത്. (1) വാളയാർ ഡാം, (2) മലമ്പുഴ ഡാം, (3)ചുള്ളിയാർ എന്നീ മൂന്നു സ്ഥലങ്ങളിൽനിന്നാണ് പാലക്കാട്ട് മണൽ ശേഖരിക്കുന്നത്. മലബാർ സിമെന്റ്സിന്റെ ചെക്ക് ഡാമിലും മണലുണ്ട്. ഏതായാലും ഇവിടെ ഇത് ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഒരു രീതി കൊണ്ടുവന്നിട്ടുണ്ട്. തുലാവർഷം കഴിഞ്ഞ സ്ഥിതിക്ക് അത് പുനരാരംഭിക്കുവാൻ പോകുകയാണ്. ഇടുക്കിയിൽ ഒന്നു രണ്ട് ഡാമുകളിൽ നിന്നും മണൽ എടുക്കുന്നുണ്ട്. വേളി കായലിൽനിന്നും മണൽ എടുക്കുന്നതിന് ഇന്നലെ ലേലം ഉറപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഇവിടെ ചർച്ച ചെയ്യപ്പെട്ട, ഊടു വഴികളിലൂടെയുള്ള കള്ളക്കടത്ത് തടയാൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുവാൻ തയ്യാറാണോ ?

ഡോ. തോമസ് ഐസക് : സർ, അത് ശ്രമിച്ചു. കുറച്ച് ദിവസം കഴിയുമ്പോൾ അത് ഫലപ്രദമായി മാറും. പക്ഷേ ഒരു കാര്യമുണ്ട്, ജനങ്ങൾക്ക് ഒരു ജാഗ്രതയുണ്ട്. പൊതു ജനങ്ങളിൽ നല്ല ഒരു താൽപ്പര്യം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly